## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ-ഡോ.കാതറീൻ സുശീൽ പീറ്റർ,സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 731/2026 നമ്പർ കേസിലെ 16/06/2026 തീയതിയിലെ വിധിന്യായം- അനുവർത്തനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)ഉത്തരവ് നമ്പർ **DHS/10235/2026-ER1** തീയതി:**02/06/2026**

2)ബഹു .അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 731/2026 നമ്പർ പ്രകാരമുള്ള കേസിലെ 16/06/2026 തീയതിയിലെ വിധിന്യായം

3)ഡോ.കാതറീൻ സുശീൽ പീറ്റർ (Annexure A7 & AnnexureA8)സമർപ്പിച്ച നിവേദനം തീയതി:**09/06/2026**

**ഉത്തരവ് നം: DHS/13773/2026-ER1തീയതി:** **01-07-2026**

---

കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) ഡോ.കാതറീൻ സുശീൽ പീറ്ററിനെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ **2026** പൊതുസ്ഥലം മാറ്റത്തിലെ കരട് ലിസ്റ്റിൽ ഇടുക്കി കട്ടപ്പന താലൂക്ക് ആശുപത്രി സൂപ്രണ്ട് തസ്തികയിലേക്ക് പരാമർശം **(1)** പ്രകാരം സ്ഥലം മാറ്റം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഡോ.കാതറീൻ സുശീൽ പീറ്റർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 731/2026 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 731/2026 നമ്പർ പ്രകാരമുള്ള കേസിലെ 16/06/2026 തീയതിയിലെ വിധിന്യായത്തിൽ ഹർജിക്കാരിയുടെ അപേക്ഷ (Annexure A7 & Annexure A8 ) പരിഗണിച്ച് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ **2026** ലെ പൊതുസ്ഥലം മാറ്റത്തിന്റെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനു രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് .

ഡോ.കാതറീൻ സുശീൽ പീറ്റർ (Annexure A7 & Annexure A8) സമർപ്പിച്ച നിവേദനം ഇപ്രകാരമാണ്.

"ഞാൻ അസിസ്റ്റന്റ് ഡയറക്ടർ/സൂപ്രണ്ട് തസ്തികയിൽ ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി കരുവേലിപ്പടിയിൽ **17/08/2022** തിയതി മുതൽ ജോലി ചെയ്തു വരികയാണ്. പൊതുസ്ഥലം മാറ്റ അപേക്ഷ ക്ഷണിച്ചപ്പോൾ ഞാൻ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മട്ടാഞ്ചേരിയിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കരട് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ എന്നെ ഞാൻ ചോദിക്കാത്ത താലൂക്ക് ആശുപത്രി കട്ടപ്പനയിലേക്കാണ് സ്ഥലം മാറ്റിയിട്ടുള്ളത്. എന്നാൽ ഞാൻ അപേക്ഷിച്ച സ്ഥാപനമായ **Govt.**സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മട്ടാഞ്ചേരി യിലേക്ക് എന്നെക്കാൾ ജൂനിയർ ആയ വ്യക്തിയെ ആണ് നിയമിച്ചിട്ടുള്ളത്. എന്നെ മാത്രം ആശ്രയിച്ച് കഴിയുന്ന വൃദ്ധരും, കിടപ്പുരോഗികൾ ആയ എന്റെ മാതാപിതാക്കളുടെ സംരക്ഷണത്തിന് വേണ്ടിയാണ് താരതമ്യേന ദൂരക്കുറവുള്ള മേൽപ്പറഞ്ഞിരിക്കുന്ന സ്ഥാപനത്തിലേക്ക് ഞാൻ സ്ഥലംമാറ്റ അപേക്ഷ സമർ പ്പിച്ചത്. 2028-ൽ സർവീസിൽ നിന്നും വിരമിക്കുന്ന ഞാൻ Cervical spondylosis രോഗം കാരണം ദിവസേന ഫിസിയോതെറാപ്പി ചെയ്തു വരികയാണ്. നിലവിൽ ഹൈറേഞ്ച് മേഖലയായ താലൂക്ക് ആശുപത്രി കട്ടപ്പനയിൽ പോകേണ്ടി വന്നാൽ അത് എൻ്റെ രോഗാവസ്ഥ കൂടുതൽ സങ്കീർണ്ണം ആക്കുന്നതുമാണ്. ആയതിനാൽ പൂർണമായും കിടപ്പുരോഗികളായ എന്റെ മാതാപിതാക്കളുടെ സംരക്ഷണവും, എൻ്റെ രോഗാവസ്ഥയും കണക്കിലെടുത്ത് എന്റെ സ്ഥലംമാറ്റ അപേക്ഷ അനുകമ്പാപൂർവ്വം പരിഗണിച്ച് ഞാൻ അപേക്ഷ സമർപ്പിച്ച സ്ഥലം ആയ

സ്ത്രികളുടെയും കുട്ടികളുടെയും ആശുപത്രി മട്ടാഞ്ചേരിയിൽ നിയമനം നൽകണമെന്ന് അപേക്ഷിക്കുന്നു. പ്രസ്തുത സ്ഥാപനത്തിലേക്ക് എന്നെ മാറ്റി നിയമിക്കാനാവാത്ത പക്ഷം ഗവ മഹാരാജാസ് താലൂക്ക് ആശുപത്രി കരുവേലിപ്പടിയിൽ തന്നെ തുടരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു". മാതാപിതാക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റും ഡോ.കാതറീൻ സുശീൽ പീറ്ററിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റും ഉള്ളടക്കം ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ **2026**ലെ പൊതുസ്ഥലം മാറ്റത്തിൽ (അസിസ്റ്റന്റ് ഡയറക്ടർ)സൂപ്രണ്ട് ഡോ.കാതറീൻ സുശീൽ പീറ്റർ ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മട്ടാഞ്ചേരി ആണ്. കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആസ്ഥാന ആശുപത്രിയും, മട്ടാഞ്ചേരി സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും തമ്മിലുള്ള ദൂരപരിധി 2.5 KM ആണ്. **15km** ചുറ്റളവിനുള്ളിലുള്ള സർവീസ് ഒരേ സ്റ്റേഷൻ സർവീസ് ആയിട്ടാണ് കണക്കാക്കുന്നത്. ഡോ.കാതറീൻ സുശീൽ പീറ്റർ 24/06/2000 തീയതിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ എറണാകുളം ജില്ലയിലെ വടവുകോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചു. **17/08/2022**-മുതൽ കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തു വരുന്നു. ടി മെഡിക്കൽ ഓഫീസർ എറണാകുളം ജില്ലയ്ക്കു പുറത്തു ജോലി ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ആണ് ഡോ.കാതറീൻ സുശീൽ പീറ്ററിനെ ഇടുക്കി കട്ടപ്പന താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകി കരട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ **2026**ലെ പൊതുസ്ഥലം മാറ്റത്തിൽ കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ സൂപ്രണ്ട് തസ്തികയിലേക്ക് പൊതുസ്ഥലം മാറ്റ മാനദണ്ഡ പ്രകാരം അർഹരായ മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിൽ **25/06/2026** തീയതിയിൽ കൂടിയ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അപ്പീൽ കമ്മിറ്റിയിൽ ഡോ.കാതറീൻ സുശീൽ പീറ്ററിനെ കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാകയാൽ അപ്പീൽ കമ്മിറ്റിയുടെ മേൽ പരാമർശിച്ച തീരുമാനം സർക്കാരിലേയ്ക്ക് ഉടനടിഅറിയിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

ഇപ്രകാരം OA(EKM) 731/2026 -ന്മേലുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള വിധിന്യായം അനുവർത്തനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 01-07-2026
17:08:53

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1)ഡോ.കാതറീൻ സുശീൽ പീറ്റർ,സൂപ്രണ്ട് ,ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി കരുവേലിപ്പടി

പകർപ്പ്:-

1)അഡ്വക്കേറ്റ് ജനറൽ ,കേരള എറണാകുളം (ആമുഖ കത്ത് സഹിതം )
2)ജില്ലാ മെഡിക്കൽ ഓഫീസർ ,എറണാകുളം
3)ഫയൽ ,കരുതൽ ഫയൽ